# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1376 — 7.6.2018-ൽ മറുപടി നൽകേണ്ടത്

**ഒരു ഡയറക്ടറേറ്റിനുകീഴിൽ സെക്കണ്ടറി, ഹയർസെക്കണ്ടറി മേഖലകൾ**

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം<br>,, വി.കെ. ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകൾ ഒന്നിപ്പിച്ച് ഒരു ഡയറക്ടറേറ്റിനുകീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ), (ബി), (സി) & (ഡി)<br>2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട്, പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഘടനാപരവും അക്കാദമികപരവുമായിട്ടുള്ള എല്ലാവിധ പരിഷ്കാരങ്ങളുടെയും വിവിധ വശങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മുൻ എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.എം.എ.ഖാദർ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.<br>ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക്, ആയതിലെ ശുപാർശകൾ പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ; | |
| (സി) | ഏതെങ്കിലും പഠനത്തിന്റെയോ, റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ ഈ രീതി കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കാമോ; | |
| (ഡി) | ഈ സംവിധാനം നിലവിൽവന്നാൽ സെക്കണ്ടറി, ഹയർസെക്കണ്ടറി മേഖലയിൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകരുടെ ജോലി ഘടനയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകുമോയെന്ന് വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ